**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6639** — **11-07-2024 - ൽ മറുപടിയ്ക്ക്**

**വിനോദസഞ്ചാര മേഖലയിലെ ഗ്ലാസ് ബ്രിഡ്ജുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മഞ്ഞളാംകുഴി അലി | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് വിനോദസഞ്ചാരമേഖലയിൽ എത്ര ഗ്ലാസ് ബ്രിഡ്ജുകൾ നിലവിലുണ്ട്; വിനോദസഞ്ചാര വകുപ്പിനുകീഴിൽ നിലവിലുള്ളത് എത്ര; സ്വകാര്യമേഖലയിൽ വിനോദസഞ്ചാരത്തിനായി ഉപയോഗിക്കുന്നവ എത്ര; എവിടെയെല്ലാമാണ് ഓരോന്നും നിലവിലുള്ളത്; വിശദാംശം ലഭ്യമാക്കുമോ; | (എ) | സംസ്ഥാനത്ത് വാഗമണിൽ ഡി.റ്റി.പി.സിയുടെ നേതൃത്വത്തിലുള്ള അഡ്വഞ്ചർ പാർക്കിൽ സ്വകാര്യ പങ്കാളിത്തത്തോടെ ഒരു ഗ്ലാസ്സ് ബ്രിഡ്ജ് പ്രവർത്തിക്കുന്നുണ്ട്. |
| (ബി) | വിനോദസഞ്ചാര വകുപ്പിനുകീഴിൽ പ്രവർത്തിക്കുന്ന ഗ്ലാസ് ബ്രിഡ്ജുകളിൽ പ്രവേശനത്തിന് ഈടാക്കിവരുന്ന ഫീസ് ഓരോയിടത്തും എത്രയാണ്; സ്വകാര്യ മേഖലയിൽ പ്രവർത്തിക്കുന്ന ഗ്ലാസ് ബ്രിഡ്ജുകളിൽ ഓരോയിടത്തെയും പ്രവേശന നിരക്ക് എത്രയാണ്; വിശദാംശം ലഭ്യമാക്കുമോ; | (ബി) | വാഗമൺ അഡ്വഞ്ചർ പാർക്കിലെ ഗ്ലാസ്സ് ബ്രിഡ്ജിൽ പ്രവേശന നിരക്ക് 250 രൂപയാണ്. |
| (സി) | ഗ്ലാസ് ബ്രിഡ്ജുകളിൽ ഒരേസമയം പ്രവേശിക്കാവുന്ന വിനോദസഞ്ചാരികളുടെ എണ്ണം നിജപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ ഇത് പ്രദർശിപ്പിക്കുന്ന ബോർഡുകൾ ഇവയുടെ പ്രവേശന കവാടങ്ങളിൽ സ്ഥാപിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ആയതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ; | (സി) | ഇടുക്കി ഡി.റ്റി.പി.സിയുടെ കീഴിലുള്ള വാഗമൺ ഗ്ലാസ്സ് ബ്രിഡ്ജിൽ ഒരേ സമയം 15 പേർക്കാണ് പ്രവേശനം അനുവദിച്ചിരിക്കുന്നത്. ഇത് പ്രദർശിപ്പിക്കുന്ന ബോർഡ് വാഗമൺ ഗ്ലാസ്സ് ബ്രിഡ്ജിന്റെ പ്രവേശന ഭാഗത്തു സ്ഥാപിച്ചിട്ടുണ്ട്. ഗ്ലാസ്സ് ബ്രിഡ്ജിൽ പ്രവേശിപ്പിക്കുന്ന സഞ്ചാരികളുടെ എണ്ണം time slot വെച്ച് ഒരേ സമയം പ്രവേശിക്കുന്നവരുടെ എണ്ണം 15 പേരിൽ കൂടാതെ കൃത്യമായി നിയന്ത്രിക്കുന്നതിന് കർശന നിർദ്ദേശം നൽകിയിരുന്നു. കൂടാതെ ഗ്ലാസ്സ് ബ്രിഡ്ജിന്റെ സുരക്ഷിതത്വം സംബന്ധിച്ച് NIT മുഖേന പരിശോധന നടത്തിവരുന്നു. |
| (ഡി) | ഒരേസമയം നിയന്ത്രണമില്ലാതെ വിനോദസഞ്ചാരികളെ ഗ്ലാസ് ബ്രിഡ്ജുകളിൽ പ്രവേശിപ്പിക്കുന്നതായും ഇതുമൂലം അപകടസാധ്യത നിലനിൽക്കുന്നതായുമുള്ള സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ മതിയായ സുരക്ഷിതത്വം ഗ്ലാസ് ബ്രിഡ്ജുകളിൽ പ്രവേശിക്കുന്ന വിനോദസഞ്ചാരികൾക്ക് ഉറപ്പുവരുത്തുമോ; വിശദമാക്കാമോ? | (ഡി) | (സി) പിരിവിന്റെ അതേ ഉത്തരം |

സെക്ഷൻ ഓഫീസർ